818
22/1/15

കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നം.21174/സി3/14/ഐ & പി .ആർ. തിരുവനന്തപുരം 21 .01. 2015

## താൽപര്യപത്രം ക്ഷണിക്കുന്നു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന വാർത്താപത്രിക അച്ചടിച്ച് സ്വന്തം ഏജന്റുമാർ വഴി ജനങ്ങൾക്കിടയിൽ 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സൗജന്യമായി വിതരണം ചെയ്യാൻ കഴിയുന്ന പത്രമാനേജ്മെന്റുകളിൽനിന്ന് താൽപര്യപത്രം ക്ഷണിക്കുന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ ലിസ്റ്റിലെ സംസ്ഥാന തലത്തിൽ സി, ഡി. ഇ കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ര സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം.

ടാബ്ലോയിഡ് വലിപ്പത്തിൽ 16 പേജുകൾ അല്ലെങ്കിൽ സാധാരണ പത്രം 4 പേജുകൾ, എല്ലാ പേജുകളും മൾട്ടികളറിൽ ആണ് പ്രസിദ്ധീകരിക്കേണ്ടത്. ഞായറാഴ്ചപ്പതിപ്പിന് ഉപയോഗിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള ന്യൂസ് പ്രിന്റാണ് ഉപയോഗിക്കേണ്ടത്. ലേ ഔട്ട് പൂർത്തിയാക്കി പിഡിഎഫ് ഫോർമാറ്റിൽ വാർത്താപത്രിക ഇമെയിൽ വഴി അച്ചടിയ്ക്ക് നൽകുന്നതാണ്. 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ആദ്യ ആഴ്ചയിൽ, ഒന്നുവീതം പരീക്ഷണാടിസ്ഥാനത്തിലാണ് പ്രസിദ്ധീകരണവും വിതരണവും. തുടർന്നുള്ള മാസങ്ങളിലെ അച്ചടി, വിതരണം, പീരിയോഡിസിറ്റി തുടങ്ങിയ കാര്യങ്ങൾ പിന്നീട് തീരുമാനിക്കുന്നതിന് അനുസരിച്ചാവും തുടർന്നുള്ള കരാർ .

ആഴ്ചയിൽ ഏതു ദിവസമാണ് വാർത്താപത്രിക വിതരണം ചെയ്യാനാകുക, ഓരോ ജില്ലയിലേയും ഏതൊക്കെ പ്രദേശങ്ങളിൽ/ ബ്ലോക്കുകളിൽ വിതരണ ശൃംഖലയുണ്ട്, പത്രികയുടെ ഒരു കോപ്പി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് പ്രതീക്ഷിക്കുന്ന പ്രതിഫലം (ഒരു ലക്ഷം കോപ്പി വീതം എന്ന കണക്കനുസരിച്ച്) , കുറഞ്ഞത് എത്ര കോപ്പി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള കരാറാണ് പ്രതീക്ഷിക്കുന്നത്, പരമാവധി എത്ര കോപ്പി അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയും, ഉപയോഗിക്കുന്ന കടലാസിന്റെ സ്പെസിഫിക്കേഷൻ, വിതരണം ചെയ്യുന്നതിന് എത്ര ദിവസം മുമ്പ് ലേ ഔട്ട് ചെയ്ത് ഡിസൈൻ ലഭിക്കണം തുടങ്ങിയ കാര്യങ്ങൾ താൽപര്യപത്രത്തിൽ ഉൾപ്പെടുത്തിയിരിക്കണം. ടാബ്ലോയിഡ് പത്രം, സാധാരണ പത്രം എന്നിവ മേൽപ്പറഞ്ഞ രീതിയിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള തുക പ്രത്യേകം പ്രത്യേകം സൂചിപ്പിച്ചിരിക്കേണ്ടതാണ്. താൽപര്യപത്രം 2015 ജനുവരി 27 വൈകുന്നേരം മൂന്നു മണിക്ക് മുമ്പായി ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് സൗത്ത് ബ്ലോക്ക്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ കവറിൽ ലഭ്യമാക്കണം. കവറിനു പുറത്ത് പത്രം അച്ചടിച്ചു വിതരണം ചെയ്യുന്നതിനുള്ള താൽപര്യപത്രം എന്ന് പ്രത്യേകം വ്യക്തമായി സൂചിപ്പിച്ചിരിക്കേണ്ടതാണ്.

അച്ചടിക്കേണ്ട കോപ്പികളുടെ എണ്ണം, വിതരണം ചെയ്യേണ്ട പ്രദേശങ്ങൾ/ബ്ലോക്കുകൾ എന്നീ കാര്യങ്ങളിൽ വകുപ്പിന്റെ തീരുമാനമാണ് പാലിക്കേണ്ടത്. ഇക്കാര്യങ്ങൾ വകുപ്പ് ഡയറക്ടറോ ഡയറക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ മാനേജ്മെന്റ് പ്രതിനിധികളുമായി നടത്തുന്ന ചർച്ചയ്ക്ക് ശേഷം തീരുമാനിക്കുന്നതാണ്. തുടർന്ന് വാർത്താപത്രികയുടെ അച്ചടി, വിതരണം എന്നിവ സംബന്ധിച്ച് വകുപ്പിന്റെ തീരുമാനം സ്വീകരിച്ച് മാനേജ്മെന്റ് നൽകുന്ന കത്തിന്റേയും വകുപ്പും ബന്ധപ്പെട്ട പത്രസ്ഥാപനവും ഏർപ്പെടുന്ന കരാറിന്റേയും അടിസ്ഥാനത്തിൽ പ്രിന്റ് ഓർഡർ നൽകുന്നതാണ്. കരാർ വ്യവസ്ഥകൾ പാലിക്കാത്തവരെ ഏപ്രിൽ മാസം മുതലുള്ള അച്ചടി, വിതരണം എന്നിവക്ക് പരിഗണിക്കുന്നതല്ല. ഈ വിഷയത്തിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ